# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1540

## 14.7.2016 ലെ മറുപടിക്ക്

**എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ലൈബ്രറികൾക്ക് ധനസഹായം**

| ചോദ്യം<br>ശ്രീ.റ്റി.വി. രാജേഷ് | | ഉത്തരം<br>Dr. T.M. തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ഗ്രാമീണ ലൈബ്രറികൾക്ക് എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ഏതു വിധത്തിലുള്ള സൗകര്യങ്ങൾ ലഭ്യമാക്കാനാണ് നിലവിൽ ഉത്തരവുള്ളതെന്ന് വ്യക്തമാക്കാമോ; | എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ മാർഗ്ഗരേഖാ പ്രകാരം പബ്ലിക് ലൈബ്രറി, റീഡിംഗ് റൂം എന്നിവ നിർമ്മിക്കുന്നതിന് മാത്രമേ എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി വിനിയോഗിക്കുവാൻ അനുമതിയുള്ളൂ. |
| (ബി) | ഗ്രന്ഥശാലകൾക്ക് ടി.വി., കംപ്യൂട്ടർ വൈഫൈ, പുസ്തകങ്ങൾ എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എം.എൽ.എ ഫണ്ട് ഉപയോഗിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ; വിശദാംശം നൽകാമോ? | സർക്കാർ ഉടമസ്ഥതയിൽ ദീർഘകാലം നിലനിൽക്കുന്ന സ്ഥിരം ആസ്തികൾ സൃഷ്ടിക്കുക എന്നതാണ് എം.എൽ.എ ഫണ്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ പ്രധാനമായിട്ടുള്ളത്. ആയതിനാൽ ഗ്രന്ഥശാലകൾക്ക് ടി.വി., കംപ്യൂട്ടർ തുടങ്ങിയവ എം.എൽ.എ ഫണ്ട് വിനിയോഗിച്ച് ലഭ്യമാക്കുന്നകാര്യം തത്ക്കാലം പരിഗണനയിലില്ല. ഒന്നാം ഗ്രേഡ് ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, വൈ ഫൈ എന്നിവ ലഭ്യമാക്കുന്നതിന് ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതി പ്രയോജന പ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ